<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5163</u> <u>04-07-2024 - ൽ മറുപടിയ്ക്ക്</u>

<u>മൂന്നാറിൽ ഹിൽ ഏരിയ അതോറിറ്റി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാറിൽ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | മൂന്നാർ പ്രദേശത്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും അനധികൃത കയ്യേറ്റങ്ങളിലും നിർമ്മാണങ്ങളിലും ഉചിതമായ തീരുമാനമെടുക്കുന്നതിനും പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനുമായി മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് 20.04.2023-ലെ സ.ഉ.(കൈ)നം.96/2023/തസ്വഭവ. പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മൂന്നാർ മേഖലയിലെ പഞ്ചായത്തുകളുടെ ഒറ്റയ്ക്കുള്ള പ്രവർത്തനത്തിലുപരി, ദീർഘവീക്ഷണ കാഴ്ചപ്പാടോടെ മൂന്നാറിന്റെയും സമീപ പ്രദേശങ്ങളുടെയും വികസനം ആസൂത്രണം ചെയ്യുകയും, അതിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുകയും, അനധികൃത കൈയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും, ഇതിനായി ഭരണ സംവിധാനത്തെ ഏകോപിപ്പിക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനം എന്ന അധികാരത്തിലേക്കു കടന്നുകയറാതെയുള്ള ഒരു ഏകോപന സംവിധാനം എന്ന നിലയ്ക്കാണ് മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത്. |
| (ബി) | മൂന്നാറിലേക്ക് റവന്യൂ സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുന്നത്; ആരെയാണ് സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ബി) | പട്ടയം നൽകുക, കയ്യേറ്റം ഒഴിപ്പിക്കൽ, പട്ടയ സാധുത പരിശോധന സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തുക എന്നിവയുമായി ബന്ധപ്പെട്ട റവന്യൂ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അധികാരമുള്ളതും ജില്ലാ കളക്ടറുടെ പദവിക്ക് തുല്യമോ അതിന് മുകളിലോ ആയിട്ടുള്ളതുമായ ഒരു സ്പെഷ്യൽ ഓഫീസറെ മൂന്നാർ |

| | | | |
|---|---|---|---|
| | സ്പെഷ്യൽ ഓഫീസറുടെ ചുമതലകൾ എന്തൊക്കെയായിരിക്കും എന്ന് വ്യക്തമാക്കുമോ? | | മേഖലയിൽ നിയമിക്കുന്നതിന് 19/06/2024ൽ ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ